ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:02.10.2025**

## പ്രധാനവാർത്തകൾ

1. രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 156-ാം ജന്മവാർഷികത്തിൽ രാഷ്ട്രം അദ്ദേഹത്തിന് ആദരമർപ്പിക്കുന്നു.

2. സംസ്ഥാനത്ത് വിജയദശമി ദിനത്തിലെ വിദ്യാരംഭ ചടങ്ങുകളിൽ ആദ്യക്ഷരം കുറിച്ച് കുരുന്നുകൾ.

3. വയനാട് ഉരുൾപൊട്ടൽ ദുരന്തത്തെ തുടർന്നുള്ള പുനർ നിർമാണത്തിനായി കേന്ദ്രം, കേരളത്തിന് 260.56 കോടി രൂപ അനുവദിച്ചു.

4. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ കാഞ്ഞങ്ങാട്ട് നിർവ്വഹിക്കും.

5. സൂപ്പർ ലീഗ് കേരള ഫുട്ബോൾ രണ്ടാം സീസണ് ഇന്ന് കോഴിക്കോട് തുടക്കമാകും. ഇന്ത്യക്കെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ വെസ്റ്റ് ഇൻഡീസിന് ബാറ്റിംഗ് തകർച്ച.

&&&&&&&&&&&&&&&&&

പ്രധാനമന്ത്രി- ഗാന്ധി ജയന്തി

RNUTVPM

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 156-ാാം ജന്മവാർഷികത്തിൽ രാഷ്ട്രം അദ്ദേഹത്തിന് ആദരമർപ്പിക്കുന്നു. രാജ്യമെമ്പാടും നിരവധി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ന്യൂഡൽഹിയിൽ രാജ്ഘട്ടിൽ ബാപ്പുവിന്റെ സമാധിയിൽ സർവ ധർമ്മ പ്രാർത്ഥനാ സഭ നടന്നു. രാഷ്ട്രപതി ദ്രൗപതി മുർമു, ഉപ രാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർള, ഭവന, നഗരകാര്യ മന്ത്രി മനോഹർ ലാൽ എന്നിവർ ഇന്ന് രാവിലെ രാജ്ഘട്ടിൽ പുഷ്പാർച്ചന നടത്തി. വിദേശത്തുള്ള ഇന്ത്യൻ എംബസ്സികളും ഗാന്ധി ജയന്തി ദിനത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഗാന്ധിജയന്തി ദിനം അന്താരാഷ്ട്രതലത്തിൽ അഹിംസാ ദിനമായും ആചരിച്ചുവരുന്നു. ഇതോടനുബന്ധിച്ച് ഐക്യരാഷ്ട്രസഭയിലെ ഇന്ത്യയുടെ സ്ഥിരം കമ്മീഷൻ ഇന്ന് ന്യൂയോർക്കിൽ പ്രത്യേക പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. സ്വതന്ത്ര ഇന്ത്യയുടെ രണ്ടാമത്തെ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രിയുടെ 121-ാ മത് ജന്മ ദിനവും ഇന്ന് രാജ്യം സമുചിതം ആഘോഷിക്കുന്നു.

&&&&&&&&&&&&&&&&&&

**ഗാന്ധിജയന്തി- കേരളം**

ഗാന്ധിജയന്തി ദിനാചരണത്തോടനുബന്ധിച്ച് ഇന്ന് കേരളത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. നിയമസഭാ സമുച്ചയത്തിലെ ഗാന്ധിപ്രതിമയിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പുഷ്പാർച്ചന നടത്തി. കിഴക്കേകോട്ട ഗാന്ധി പാർക്കിലെ മഹാത്മാ ഗാന്ധിപ്രതിമയിൽ ഹാരാർപ്പണം നടത്തി. കെപിസിസി ആസ്ഥാനത്ത് പുഷ്പാർച്ചന, ദേശഭക്തിഗാനം തുടങ്ങിയവ നടന്നു.

&&&&&&&&&&&&&&&&&

ദസറ

രാജ്യമെമ്പാടും ഇന്ന് വിജയദശമി ആഘോഷിക്കുന്നു. നവരാത്രിയുടെയും ദുർഗ്ഗാ പൂജയുടെയും പരിസമാപ്തി കുറിച്ചു കൊണ്ടാണ് ഈ ദിനം ആഘോഷിക്കുന്നത്. രാഷ്ട്രപതി ദ്രൗപദി മുർമുവും, പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജനങ്ങൾക്ക് വിജയദശമി ആശംസകൾ നേർന്നു. രാഷ്ട്രപതി ഡൽഹിയിലെ ചുവപ്പ് കോട്ടയിൽ നടക്കുന്ന ദസറ ആഘോഷങ്ങളിലും, പ്രധാനമന്ത്രി ഐപി എക്സ്റ്റൻഷൻ രാംലീല കമ്മിറ്റി, ദേശീയ തലസ്ഥാനത്ത് സംഘടിപ്പിക്കുന്ന ആഘോഷങ്ങളിലും പങ്കെടുക്കും.

&&&&&&&&&&&&&&&&&

വിദ്യാരംഭം

വിജയ ദശമി ദിനത്തിലെ വിദ്യാരംഭ ചടങ്ങുകളിൽ ആയിരക്കണക്കിന് കുരുന്നുകൾ ആദ്യക്ഷരം കുറിച്ചു. സാംസ്കാരിക, സാമൂഹിക, രാഷ്ട്രീയ രംഗത്തെ പ്രമുഖർ കുട്ടികൾക്ക് അറിവിന്റെ ആദ്യക്ഷരം പകർന്നു നൽകി. തിരുവനന്തപുരം കോട്ടയ്ക്കകം, പൂജപ്പുര നവരാത്രിമണ്ഡപം, ആര്യശാല ഭഗവതിക്ഷേത്രം, ചെന്തിട്ട ഭഗവതീക്ഷേത്രം, ആറ്റുകാൽ ക്ഷേത്രം, കരിക്കകം ക്ഷേത്രം, ശ്രീപദ്മനാഭസ്വാമി ക്ഷേത്രം എന്നിവിടങ്ങളിൽ വിദ്യാരംഭച്ചടങ്ങുകൾ നടന്നു. വിദ്യാഭ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി ഔദ്യോഗിക വസതിയായ റോസ് ഹൗസിൽ കുട്ടികളെ എഴുത്തിനിരുത്തി. തിരൂർ തുഞ്ചൻ പറമ്പിൽ പാരമ്പര്യ എഴുത്താശാന്മാരുടെ നേതൃത്വത്തിൽ കൃഷ്ണശിലാ മണ്ഡപത്തിലും മലയാളത്തിലെ പ്രമുഖ സാംസ്കാരിക സാഹിത്യ നായകന്മാരുടെ

RHU TVPM

നേതൃത്വത്തിൽ സരസ്വതീമണ്ഡപത്തിലും വിദ്യാരംഭച്ചടങ്ങുകൾ പുരോഗമിക്കുന്നു. മലപ്പുറത്ത് മേൽപ്പത്തൂർ നാരായണ ഭട്ടതിരിയുടെ കുറമ്പത്തൂരിലെ ഇല്ലപ്പറമ്പ്, തിരൂരിനടത്തുള്ള വള്ളത്തോൾ സ്മാരക കേന്ദ്രം, പെരിന്തൽമണ്ണയിലെ പൂന്താനം ഇല്ലം തുടങ്ങി വിവിധ കേന്ദ്രങ്ങളിൽ കുട്ടികൾക്ക് ആദ്യക്ഷരം കുറിക്കാൻ സൗകര്യമൊരുക്കിയിരുന്നു. കോട്ടയം പനച്ചിക്കാട് സരസ്വതി ക്ഷേത്രത്തിൽ പുലർച്ചെ 4 മണിമുതൽ വിദ്യാരംഭചടങ്ങുകൾ ആരംഭിച്ചു. വൈകിട്ട് 4 വരെയാണ് ചടങ്ങ്. അക്ഷരദേവതയെ സ്തുതിച്ച് 56 ഗുരുക്കന്മാരാണ് എഴുത്തിനിരുത്ത് ചടങ്ങിന് നേതൃത്വം നൽകുന്നത്. കണ്ണൂരിലെ ക്ഷേത്രങ്ങളിൽ ആദ്യാക്ഷരം കുറിക്കുന്നതിനായി രാവിലെ മുതൽ തന്നെ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. പള്ളിക്കുന്ന് മൂകാംബിക ക്ഷേത്രത്തിൽ ആയിരക്കണക്കിന് കുരുന്നുകൾ ആദ്യക്ഷരം കുറിക്കാനെത്തി.

RNU TVPM

&&&&&&&&&&&&&&&&&

മൂകാംബിക- ഇൻട്രോ

ദക്ഷിണ കർണ്ണാടകയിലെ പ്രസിദ്ധമായ കൊല്ലൂർ മൂകാംബിക ക്ഷേത്രത്തിൽ പുലർച്ചെ മൂന്ന് മണിയ്ക്ക് വിദ്യാരംഭ ചടങ്ങുകൾക്ക് തുടക്കം കുറിച്ചു. കേരളത്തിൽ നിന്ന് നിരവധി ഭക്തരാണ് ഇത്തവണ വിദ്യാരംഭ ചടങ്ങുകൾക്ക് കൊല്ലൂരിൽ എത്തിയിട്ടുള്ളത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ...

(വോയിസ്)

&&&&&&&&&&&&&&&&&

**കേന്ദ്ര സഹായം**

പ്രകൃതി ദുരന്തങ്ങളുടെ ആഘാതലഘൂകരണത്തിനും , പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി കേരളം അടക്കം 9 സംസ്ഥാനങ്ങൾക്ക് കേന്ദ്രസർക്കാർ അധിക ധനസഹായം അനുവദിച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിലുള്ള ഉന്നതതല സമിതിയാണ് ദേശീയ ദുരന്ത ലഘൂകരണ ഫണ്ടിൽ നിന്ന് 4645.60 കോടി രൂപയുടെ ധനസഹായം അനുവദിച്ചത്. വയനാട് ഉരുൾപൊട്ടൽ ദുരന്തത്തെ തുടർന്നുള്ള പുനർ നിർമാണ പ്രവർത്തനങ്ങൾക്കായി കേരളത്തിന് 260.56 കോടി രൂപയുടെ അധിക സാമ്പത്തിക സഹായമാണ് ഇത് പ്രകാരം ലഭിക്കുക . നഗരങ്ങളിലെ പ്രളയ അപകടസാധ്യത ലഘൂകരണ പദ്ധതിയുടെ രണ്ടാം ഘട്ട നടത്തിപ്പിനായി തിരുവനന്തപുരം അടക്കം 11 നഗരങ്ങൾക്കും കേന്ദ്രം,സാമ്പത്തിക സഹായം നൽകും.

&&&&&&&&&&&&&&&&&

**സേവാപർവ്- ഇൻട്രോ**

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയ കേന്ദ്ര സർക്കാർ, രാജ്യത്ത് പരിവർത്തനവും പുരോഗതിയും കൊണ്ടുവരാൻ അക്ഷീണം പ്രവർത്തിച്ചുവരികയാണ്. വടക്കുകിഴക്കൻ മേഖലയെ മുഖ്യധാരയിലേക്ക് കൊണ്ടുവന്ന് ഇന്ത്യയുടെ വളർച്ചാ എഞ്ചിനാക്കി മാറ്റുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളെ കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവപർവ്വിൽ ഇന്ന്.

(വോയിസ്)

**സേവാപർവ് - വോയിസ്**

RNU TVPM

(മ്യൂസിക്)

കാലങ്ങളായി അവഗണിക്കപ്പെട്ട പ്രദേശങ്ങളിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് അവിടെ സമഗ്ര വികസനത്തിനായുള്ള പ്രവർത്തനങ്ങളാണ് കേന്ദ്ര സർക്കാർ കഴിഞ്ഞ പതിനൊന്ന് വർഷമായി നടത്തിവരുന്നത്. വികസിത ഭാരതം കൈവരിക്കുന്നതിൽ വടക്ക് കിഴക്കൻ ഇന്ത്യയുടെ നിർണായക പങ്കിനെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കി.

(പ്രധാനമന്ത്രി- വോയിസ്)

ഒരു പതിറ്റാണ്ടിനിടെ, വടക്കുകിഴക്കൻ മേഖല വികസനത്തിനുള്ള ബജറ്റ് വിഹിതം പല മടങ്ങ് വർദ്ധിച്ച് ഈ സാമ്പത്തിക വർഷം 5,900 കോടി രൂപയായി. മേഖലയിലെ വ്യാവസായിക വികസനത്തിനായി ഉത്തർ പൂർവ്വ പരിവർത്തന വ്യവസായവൽക്കരണ പദ്ധതിയും സർക്കാർ നടപ്പിലാക്കി വരുന്നു.

RNUTVPM

(മ്യൂസിക്)

&&&&&&&&&&&&&&&&&

ആർഎസ്എസ് വിജയദശമി

സ്വദേശിക്കും സ്വാശ്രയത്വത്തിനും പകരംവയ്ക്കാൻ മറ്റൊന്നില്ലെന്ന് ആർഎസ്എസ് സർ സംഘചാലക് മോഹൻ ഭാഗവത്. നാഗ്പൂരിലെ രേഷ്മിബാഗിൽ, ആർഎസ്എസിന്റെ ശതാബ്ദി വാർഷികാഘോഷത്തെയും വിജയദശമി ഉത്സവ പരിപാടിയെയും അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ആശ്രയത്വം നിർബന്ധിതമാകാൻ പാടില്ലെന്നും

നമ്മുടെ സ്വന്തം ഇഷ്ടത്തിനനുസരിച്ച് പ്രവർത്തിക്കാൻ നമുക്ക് കഴിയണമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&

സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം

ഈ വർഷത്തെ സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ കാഞ്ഞങ്ങാട്ട് നിർവ്വഹിക്കും. സംസ്ഥാന പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ ഈ മാസം 15 വരെയാണ് പക്ഷാചരണം. വിദ്യാഭ്യാസം-ആരോഗ്യം-തൊഴിൽ എന്നീ മേഖലകൾക്ക് മുൻഗണന നൽകിയുള്ള പരിപാടികളാണ് ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുള്ളത്.

&&&&&&&&&&&&&&&&&

സൂപ്പർ ലീഗ്- ഇൻട്രോ

സൂപ്പർ ലീഗ് കേരള ഫുട്ബോൾ രണ്ടാം സീസണ് ഇന്ന് കോഴിക്കോട് ഇഎംഎസ് സ്റ്റേഡിയത്തിൽ തുടക്കമാകും. രണ്ടര മാസത്തോളം നീണ്ടുനിൽക്കുന്ന ലീഗിൽ ഫൈനലടക്കം 33 മത്സരങ്ങളാണുള്ളത്.

വിശദാംശങ്ങളുമായി ആകാശവാണി
പ്രതിനിധി എം സുരേഷ് ബാബു...
(വോയിസ്)

&&&&&&&&&&&&&&&&&

ക്രിക്കറ്റ്

RNUTVPM

അഹമ്മദാബാദിൽ, ഇന്ത്യക്കെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ വെസ്റ്റ് ഇൻഡീസിന് ബാറ്റിംഗ് തകർച്ച. ടോസ് നേടി ആദ്യം ബാറ്റ് ചെയ്യുന്ന വെസ്റ്റ് ഇൻഡീസ്, ഒടുവിൽ വിവരം ലഭിക്കുമ്പോൾ 6 വിക്കറ്റിന് 115 റൺസ് എന്ന നിലയിലാണ്. പരമ്പരയിൽ രണ്ട് മത്സരങ്ങളാണുള്ളത്.

&&&&&&&&&&&&&&&&&&

## സ്വച്ഛതാ ഹി സേവ

ഗാന്ധി ജയന്തിയോടനുബന്ധിച്ച് തിരുവനന്തപുരം റെയിൽവേ ഡിവിഷണൽ ഓഫീസിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ സ്വച്ഛതാ ഹി സേവാ പരിപാടി സംഘടിപ്പിച്ചു. പരിപാടിയോടനുബന്ധിച്ച് നടന്ന വാക്കത്തോൺ തിരുവനന്തപുരം ഡിവിഷണൽ റെയിൽവേ മാനേജർ ദിവ്യകാന്ത് ചന്ദ്രാകർ ഫ്ലാഗ് ഓഫ് ചെയ്തു.

&&&&&&&&&&&&&&&&&&

RNJ TVPM

## ഗാന്ധിജയന്തി- ലക്ഷദ്വീപ്

ഗാന്ധിജയന്തി ദിനാഘോഷങ്ങളുടെ ഭാഗമായി ലക്ഷദ്വീപിൽ വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു. കവരത്തി സെക്രട്ടറിയേറ്റിൽ നിന്നാരംഭിച്ച് ഗാന്ധി സ്ക്വയറിൽ സംഗമിച്ച പ്രഭാതഭേരി മാർച്ചിൽ നൂറുകണക്കിനാളുകൾ പങ്കെടുത്തു. അഡ്മിനിസ്ട്രേറ്ററുടെ ഉപദേഷ്ടാവ് എസ് ബി ദീപക് കുമാർ, അഡ്മിനിസ്ട്രേഷൻ സെക്രട്ടറിമാരായ ഗൗരവ് സിംഗ് രജാവത്, അവനീഷ് കുമാർ ഉൾപ്പെടെയുള്ളവർ ഗാന്ധിപ്രതിമയിൽ പുഷ്പാർച്ചന നടത്തി. തുടർന്ന് ഫിറ്റ് ഇന്ത്യയുടെ ഭാഗമായി വിദ്യാർത്ഥികൾ അണിനിരന്ന സൈക്കിൾ റാലിയും സംഘടിപ്പിച്ചു.

**&&&&&&&&&&&&&&&&&**

ജിഎസ്.ടി - ഫിറ്റ്നസ്

കേന്ദ്ര സർക്കാർ കഴിഞ്ഞ മാസം 22-ന് പ്രഖ്യാപിച്ച ജി.എസ്.ടി. ഇളവുകൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും പ്രയോജനകരമാവുകയാണ്. ഫിറ്റ്നസ് സെന്ററുകൾക്കും സൈക്കിളുകൾക്കുമുള്ള ജി.എസ്.ടി കുറച്ചത് ജനങ്ങൾക്ക് ഏറെ ആശ്വാസം നൽകുന്നു. ജിംനേഷ്യം, ഫിറ്റ്നസ് സെന്ററുകൾ എന്നിവയുടെ നികുതി നിരക്ക് 18 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചതിലൂടെ ഈ മേഖലയിലെ ചെലവ് കുറയുകയും സൈക്കിളുകളുടെ നികുതി നിരക്ക് 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചത് ആരോഗ്യകരമായ ജീവിതശൈലിക്ക് പ്രോത്സാഹനം നൽകുകയും ചെയ്യും.

**&&&&&&&&&&&&&&&&&**

**&&&&&&&&&&**

**&&&**

RNUTVPM